വനിതാ പോലീസ് ആസ്ഥാന രൂപീകരണം

62 (268) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്ത്രീകളുടെ എണ്ണം കൂടുതലായതിനാലും അവർക്കെതിരെയുള്ള പീഡനങ്ങളും കേസുകളും വർദ്ധിച്ചു വരികയും ചെയ്യുന്ന സാഹചര്യത്തിലും സ്ത്രീകളുടെ മാത്രമായി സംസ്ഥാനത്ത് പ്രത്യേക വനിതാ പോലീസ് ആസ്ഥാനവും ബറ്റാലിയനും അടിയന്തിരമായി രൂപീകരിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ പോലീസ് ഉദ്യോഗസ്ഥരുണ്ട് ; ഇവരുടെ ആകെ എണ്ണം, ഉദ്യോഗപ്പേര്, ജില്ല എന്നിവ തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു മഹിളാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) 2717 വനിതാ പോലീസ് ഉദ്യോഗസ്ഥരുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പോലീസ് സ്റ്റേഷനുകളുടെ അശാസ്ത്രീയമായി ക്രമീകരിക്കപ്പെട്ടിട്ടുള്ള അതിർത്തികളുടെ പുനർ നിർണ്ണയം

63 (269) ഡോ. എൻ. ജയരാജ് ;
ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സ്റ്റേഷനുകളുടെ അശാസ്ത്രീയമായി ക്രമീകരിക്കപ്പെട്ടിട്ടുള്ള അതിർത്തികൾ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

---

* അനുബന്ധം I ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly